# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 687** — **04-02-2020-ൽ മറുപടിക്ക്**

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ക്ലീൻ കേരള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>,, എ. എൻ. ഷംസീർ<br>,, പുരുഷൻ കടലുണ്ടി<br>,, എം. നൗഷാദ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ ക്ലീൻ കേരള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കേരള ട്രാവൽ മാർട്ട് ഫൗണ്ടേഷനുമായി ചേർന്ന് ക്ലീൻ കേരള ഇനീഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് മിഷൻ വലിയ പ്രാധാന്യമാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/ സൗഹാർദ്ദ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ടൂറിസം പരിസ്ഥിതി സംരക്ഷണം ഉടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ. കൾ എന്നിങ്ങനെ വിവിധ സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുടെ സഹ കരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | കോവളം, അഷ്ടമുടി, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, വൈത്തിരി, ബേക്കൽ എന്നീ 9 കേന്ദ്രങ്ങളെയാണ് ആദ്യ ഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | വിനോദസഞ്ചാര മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നൂതന പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; | (സി) | വിനോദ സഞ്ചാര മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന മാർക്കറ്റിംഗ് പരിഷ്കാരങ്ങൾ നടപ്പാക്കാനാണ് വിനോദ സഞ്ചാര വകുപ്പ് ഉദ്ദേശിക്കുന്നത്.<br>1. ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം<br>2. സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം<br>3. ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം<br>4. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തര വാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും<br>5. ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായ സഹ കരണങ്ങൾ നൽകൽ |
| (ഡി) | വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളും ടൂറിസം ഉല്പന്നങ്ങളും കൂടുതൽ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വിനോദസഞ്ചാര മേഖലയിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പുതിയ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>• മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി<br>• മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)<br>• ആലപ്പുഴ ഹെറിറ്റേജ് പദ്ധതി<br>• "ഗ്രീൻ കാർപ്പറ്റ് സ്കീം"<br>• കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി<br>• ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി |

| | | | |
|---|---|---|---|
| | | | • ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>• ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ്<br>• കോവളത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി<br>• ആക്കുളം കായലിന്റെ പുനരുജ്ജീവനം<br>• വർക്കലയുടെ സമഗ്ര വികസന പദ്ധതി<br>• വേളിയുടെ സമഗ്ര വികസന പദ്ധതി<br>• ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി<br>• ലോകോത്തര നിലവാരത്തിലുള്ള ടോയിലറ്റ് സമുച്ചയങ്ങൾ |

**സെക്ഷൻ ഓഫീസർ**